www.karmasakthi.com
# കർമശക്തി
സമ്പൂർണ ജനകീയ ദിനപത്രം

സക്സസ് കേരള
THE COMPLETE BUSINESS MAGAZINE
വായിക്കൂ...
വരിക്കാരാവൂ...!!!

തിരുവനന്തപുരം • 2021 സെപ്റ്റംബർ 08 ബുധൻ | E-mail: karmasakthidaily@gmail.com | Ph:0471-4063111, 9061525391 | പേജ്: 4 | വില: 5 രൂപ

## സ്വർണാഭരണ വിൽപന രംഗത്തെ നികുതി വെട്ടിപ്പ് തടയാൻ കർശന നടപടികൾ സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി



തിരുവനന്തപുരം : സ്വർണാഭരണ വിൽപന രംഗത്തെ നികുതി വെട്ടിപ്പ് തടയാൻ കർശന നടപടികൾ സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

സ്വർണക്കടകളിലെ പരിശോധന വ്യാപകമാക്കുമെന്നും വിൽപന നികുതി ഇന്റലിജൻസ് ശക്തിപ്പെടുത്തുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

വിഷയം ചർച്ച ചെയ്യാൻ വിളിച്ചു ചേർത്ത ഉന്നതതല യോഗത്തിന് ശേഷം പ്രതികരിക്കുകയായിരുന്നു മുഖ്യമന്ത്രി.

നികുതി വെട്ടിപ്പ് സാധ്യത കാണുന്ന സ്ഥലങ്ങളിൽ കർശന പരിശോധന നടത്തണം. അത്തരക്കാരുടെ ജിഎസ്ടി രജിസ്ട്രേഷൻ റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികളെടുക്കണം. നികുതി പരിവ് കൂടുതൽ നടത്തുന്ന ഉദ്യോഗസ്ഥർക്ക് മതിയായ ഇൻസന്റീവ് നൽകണം. വലിയ സ്വർണക്കടകളിലെ സിസിടിവി ദൃശ്യങ്ങൾ ജിഎസ്ടി ഓഫീസിലും പൊലീസ് സ്റ്റേഷനിലും ലഭ്യമാക്കുന്നതിന്റെ സാധ്യത പരിശോധിക്കണമെന്നും മുഖ്യമന്ത്രി യോഗത്തിൽ വ്യക്തമാക്കി.

# സിന്ധുവിനെ കുഴിച്ചുമൂടിയത് ജീവനോടെ
## ആദ്യം ജീവനോടെ കത്തിക്കാനും ശ്രമിച്ചിരുന്നുവെന്ന് പ്രതി

അടിമാലി: പണിക്കൻകുടി കൊലപാതകവുമായി ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾ പുറത്ത്. സിന്ധുവിനെ കുഴിച്ചുമൂടിയത് ജീവനോടെയൊണെന്ന് പ്രതി ബിനോയ് മൊഴി നൽകി. ആദ്യം ജീവനോടെ കത്തിക്കാനും ശ്രമിച്ചിരുന്നു. പ്രതി ബിനോയിയുടെ വീട്ടിലെ തെളിവെടുപ്പ് തുടരുകയാണ്. സിന്ധുവിന്റെ വസ്ത്രങ്ങൾ ഉപേക്ഷിച്ച സ്ഥലത്തും പ്രതിയെ എത്തിച്ച് തെളിവെടുക്കും. കൊലപാതകത്തിന് കാരണം സിന്ധുവിനോട് തോന്നിയ സംശയമാണെന്ന് പ്രതി ബിനോയ് പറഞ്ഞിരുന്നു. സംഭവ ദിവസം വഴക്കുണ്ടായെന്നും കഴുത്തു ഞെരിച്ചു കൊലപ്പെടുത്തിയതാണെന്നും ബിനോയ് മൊഴി നൽകി





പ്രതി ബിനോയ്

കഴിഞ്ഞ മാസം 12 മുതലാണ് സിന്ധുവിനെ കാണാതായത്. മൂന്നുദിവസത്തിന് ശേഷം ബിനോയിയെയും കാണാതായി. ഇതോടെയാണ് ഇയാൾക്കെതിരെ സംശയം ഉയർന്നത്. അമ്മയെ ബിനോയി മർദിച്ചിരുന്നതായുള്ള മകന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ ബന്ധുക്കൾ നടത്തിയ പരിശോധനയിൽ ബിനോയിയുടെ വീടിന്റെ അടുക്കളയിൽ നിന്ന് സിന്ധുവിന്റെ മൃതദേഹം കണ്ടെത്തി. തുടർന്ന് നടത്തിയ പോസ്റ്റ്മോർട്ടത്തിൽ ശ്വാസം മുട്ടിയാണ് സിന്ധു മരിച്ചതെന്ന് വ്യക്തമായി. വാരിയെല്ലുകൾ തകർന്നതായും പോസ്റ്റ്മോർട്ടത്തിൽ ഉണ്ടായിരുന്നു. തമിഴ്നാട്ടിലും കേരളത്തിലെ വിവിധ ജില്ലകളിലുമായിട്ടായിരുന്നു ഒളിവിൽ കഴിഞ്ഞത്. രണ്ട് ദിവസം മുൻപാണ് പെരിഞ്ചാംകുട്ടിയിൽ എത്തിയത്. പെരിഞ്ചാംകുട്ടി തേക്കുമുള പ്ലാന്റേഷനിൽ ഇയാൾ ഒളിവിൽ കഴിയുകയായിരുന്നുവെന്ന വിവരം ലഭിച്ചതിനെ തുടർന്നാണ് ബിനോയ് പിടിയിലാകുന്നത്.

ബിനോയിയുടെ സിംകാർഡുകൾ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണമാണ് അറസ്റ്റിലേക്ക് നയിച്ചത്. സിന്ധുവിനെ കൊലപ്പെടുത്തിയശേഷം ഒളിവിൽ പോയ പ്രതിക്കായി പൊലീസ് വ്യാപക പരിശോധന നടത്തിവരികയായിരുന്നു.

കഴിഞ്ഞ 20 ദിവസമായി ഇയാൾ ഒളിവിലായിരുന്നു. ഇടുക്കി ഡിവൈഎസ്പിയുടെ നേതൃത്വത്തിൽ മൂന്ന് സ്ക്വാഡുകൾ രൂപീകരിച്ചാണ് അന്വേഷണം നടത്തിയിരുന്നത്.



# അഫ്ഗാൻ രക്ഷാ ദൗത്യം തുടരാൻ ഇന്ത്യ; ചൈന–പാക് ഇടനാഴിക്ക് പിന്തുണയുമായി താലിബാൻ

ദില്ലി: അഫ്ഗാനിസ്ഥാനിൽ നിന്നുള്ള രക്ഷാദൗത്യം ഇന്ത്യ വീണ്ടും തുടങ്ങുന്നു. മുന്നൂറ് പേരെക്കൂടി ഈയാഴ്ച തിരികെ എത്തിക്കും. അതേസമയം ചൈനയോട് ആഭിമുഖ്യം കൂടുതൽ വ്യക്തമാക്കുന്ന നിലപാട് സ്വീകരിച്ചിരിക്കുകയാണ് താലിബാൻ. ചൈന-പാകിസ്ഥാൻ സാമ്പത്തിക ഇടനാഴിയുമായി സഹകരിക്കുമെന്ന് താലിബാൻ പ്രഖ്യാപിച്ചു.

അഫ്ഗാനിസ്ഥാനിൽ നിന്ന് നേരിട്ട് 560 പേരെയാണ് ആറ് വിമാനങ്ങളിലായി ഇന്ത്യ ദില്ലിയിൽ കൊണ്ടുവന്നത്. ഇതിൽ പകുതി പേർ അഫ്ഗാൻ സ്വദേശികളാണ്. ഇനി എത്രപേർ അഫ്ഗാനിസ്ഥാനിൽ കുടുങ്ങിക്കിടക്കുന്നുവെന്ന കണക്ക് സർക്കാർ നൽകിയിട്ടില്ല. എന്നാൽ 300 പേരെ ഈയാഴ്ച കൊണ്ടുവരുമെന്ന സൂചനയാണ് സർക്കാർ നൽകുന്നത്. 14 ദിവസത്തെ നിരീക്ഷണത്തിന് സൗകര്യം ഒരുക്കാൻ ഐടിബിപിക്ക് സർക്കാർ നിർദ്ദേശം നൽകി.



എയർ ഇന്ത്യ വിമാനങ്ങൾക്ക് ഒരുങ്ങിയിരിക്കാൻ നിർദ്ദേശം നൽകി. വിമാനത്താവളം തുറക്കാൻ തുർക്കിയുടെയും യുഎഇയുടെയും സഹായം നേരത്തെ താലിബാൻ തേടിയിരുന്നു. അഫ്ഗാൻ സ്വദേശികളായ 130 സിഖ് പൗരന്മാരെയും കൊണ്ടുവരാനാണ് കേന്ദ്രം ശ്രമിക്കുന്നത്.

താലിബാൻ ഇതിന് അനുവാദം നൽകിയോയെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കിയിട്ടില്ല. പ്രധാനമന്ത്രി വിളിച്ച യോഗം സ്ഥിതി വിലിയിരുത്തി.

## പൂജപ്പുര ജയിലിൽ നിന്ന് കൊലക്കേസ് പ്രതി ജയിൽ ചാടി

തിരുവനന്തപുരം: പൂജപ്പുര സെൻട്രൽ ജയിലിൽ നിന്ന് കൊലക്കേസ് പ്രതി ചാടിപ്പോയി. തമിഴ്നാട് തൂത്തുക്കുടി സ്വദേശി ജാഹിർ ഹുസൈനാണ് (48) ജയിലിൽ നിന്ന് രക്ഷപ്പെട്ടത്. ജോലിക്കായി സെല്ലിന് പുറത്തിറക്കിയ ശേഷം ഇയാളെ കാണാതാവുകയായിരുന്നു. പൊലീസും ജയിൽവകുപ്പ് ഉദ്യോഗസ്ഥരും ഇയാൾക്കായി വ്യാപകമായി തിരച്ചിൽ ആരംഭിച്ചിട്ടുണ്ട്.



ചൊവ്വാഴ്ച രാവിലെയോടെയായിരുന്നു സംഭവം. ജയിൽ ചുറ്റുമതിലിനോട് ചേർന്ന അലക്ക് യന്ത്രത്തിലായിരുന്നു ഇയാൾ ജോലി ചെയ്ത് വന്നിരുന്നത്. രാവിലെ ഏഴരയ്ക്കാണ് അലക്കുയന്ത്രത്തിലേക്ക് ഇയാളെ ജോലിക്കായി നിയോഗിച്ചത്. ഇതിന് ശേഷമായിരുന്നു ജയിൽ ചാട്ടം.

ഒമ്പത് മണിയോടെയാണ് ജാഹിർ ഹുസൈൻ ചാടിയ വിവരം ജയിൽ അധികൃതർ അറിയുന്നത്. ഇയാൾ ഒരു ഷർട്ട് കയ്യിലെ കവറിൽ കരുതിയിരുന്നു, ബസിൽ കയറി കളിയിക്കാവിളയിലേക്ക് പോയെന്നാണ് പൊലീസിന്റെ കണ്ടെത്തൽ.

മൊയ്തീൻ എന്നയാളെ കൊലപ്പെടുത്തി ആഭരണങ്ങൾ മോഷ്ടിച്ച കേസിലെ പ്രതിയാണ് ഇയാൾ.

2004ൽ ഫോർട്ട് പൊലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസാണ് ഇത്. 2017ലാണ് ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ടത്.

## പെഗാസസ് ഫോൺ ചോർത്തൽ; അന്വേഷണം ആവശ്യപ്പെട്ടുള്ള ഹർജി തിങ്കളാഴ്ചത്തേക്ക് മാറ്റി

ദില്ലി: പെഗാസസ് ഫോൺ ചോർത്തലിൽ അന്വേഷണം ആവശ്യപ്പെട്ടുള്ള ഹർജികളിലെ തീരുമാനം സുപ്രീംകോടതി വരുന്ന തിങ്കളാഴ്ചത്തേക്ക് മാറ്റിവെച്ചു. കോടതി അയച്ച നോട്ടീസിന് മറുപടി നൽകാൻ സമയം വേണമെന്ന കേന്ദ്ര സർക്കാരിൻറെ ആവശ്യം പരിഗണിച്ചായിരുന്നു കേസ് മാറ്റിയത്.

പെഗാസസ് കേസിൽ സമഗ്ര ഉത്തരവ് ഉണ്ടാകുമെന്ന് രണ്ടാഴ്ച മുമ്പ് ചീഫ് ജസ്റ്റിസ് സൂചന നൽകിയതാണ്. കേന്ദ്ര സർക്കാർ പുതിയ സത്യവാങ്മൂലം നൽകുന്ന സാഹചര്യത്തിൽ ഇനി അതുകൂടി പരിശോധിച്ചായിരിക്കും കോടതിയുടെ തീരുമാനം.

പെഗാസസ് സംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾ വെളിപ്പെടുത്തുന്നത് ദേശീയ സുരക്ഷയെ ബാധിക്കും എന്നതാണ് കേന്ദ്ര സർക്കാർ നിലപാട്. ദേശീയ സുരക്ഷയെ ബാധിക്കാത്ത വിവരങ്ങൾ നൽകണമെന്നാണ് കോടതി ആവശ്യപ്പെടുന്നത്.

പെഗാസസ് വിഷയത്തിൽ സമഗ്രമായ ഒരു ഉത്തരവ് ഉണ്ടാകുമെന്ന് ബംഗാൾ ജുഡീഷ്യൽ സമിതി കേസിൽ ചീഫ് ജസ്റ്റിസ് സൂചന നൽകിയിരുന്നു.

സ്വതന്ത്ര അംഗങ്ങൾ ഉൾപ്പെട്ട ഒരു വിദഗ്ധ സമിതിക്ക് രൂപം നൽകണം എന്നതാണ് കേന്ദ്ര സർക്കാരിൻറെ നിലപാട്. അത്തരമൊരു സമിതിയെ ഹർജിക്കാർ പിന്തുണക്കുന്നില്ല. എന്തായാലും സുപ്രീംകോടതി തീരുമാനം ഇക്കാര്യത്തിൽ നിർണായകമാകും.

## മൊബൈൽ ഫോണുകൾ കൊണ്ടൊരു മമ്മുട്ടി



മലയാളത്തിന്റെ പ്രിയനടൻ മമ്മൂട്ടിക്ക് പിറന്നാൾ സമ്മാനമായി പ്രശസ്ത കലാകാരൻ ഡാവിഞ്ചി സുരേഷ് മൊബൈൽ ഫോണുകൾ കൊണ്ട് ഒരുക്കിയ മമ്മൂട്ടിയുടെ ചിത്രം.

## തിരുവനന്തപുരത്ത് ട്രെയിൻ തട്ടി രണ്ടുപേർ മരിച്ചു

വാർത്ത രണ്ടാം പേജിൽ

കെ. എസ് ഹോം അപ്ലയൻസസ്
മുക്കോല, പരിയാരം, നെടുമങ്ങാട്
Ph: 89217 62470, 94476 95796











പ്രൊപ്രൈറ്റർ: കിഷോർകുമാർ

## കേരള സർക്കാർ ദർഘാസുകൾ

30-08-2021 മുതൽ 05-09-2021 വരെ പ്രസിദ്ധീകരിച്ച ദർഘാസുകൾ

ഗ്രാമ വികസന കമ്മീഷണറേറ്റ്

ദർഘാസ് : 2021_CRD_437469_1 * BLOCK DEVELOPMENT OFFICER PULIKEEZHU * MADHAVA SADANAM AZHATHERIPADY ROADIN NEDUMPURAM GP * അവസാന തീയതി : 16-Sep-2021 * അടങ്കൽ :` 500000

ദർഘാസ് : 2021_CRD_437490_2 * Block Development Officer Chengannur * - Construction IPC Church road in Mulakkuzha Gramapanchayat * അവസാന തീയതി : 16-Sep-2021 * അടങ്കൽ :` 802406

ദർഘാസ് : 2021_CRD_437490_3 * Block Development Officer Chengannur * - Construction of Kodamchira Ethraveli Road in ward 1 of Pu * അവസാന തീയതി : 16-Sep-2021 * അടങ്കൽ :` 507048

ദർഘാസ് : 2021_CRD_436548_1 * BLOCK DEVELOPMENT OFFICER * FLOOD RELIEF WORKS 2020-21 9ACRE-MARICKALPADY ROAD IN SENAPA * അവസാന തീയതി : 08-Sep-2021 * അടങ്കൽ :` 892632

ദർഘാസ് : 2021_CRD_436741_1 * BLOCK DEVELOPMENT OFFICER * FLOOD RELIEF WORKS 2020-21 PATHUVALAVU-THOOVAL ROAD IN NEDU * അവസാന തീയതി : 08-Sep-2021 * അടങ്കൽ :` 892459

ദർഘാസ് : 2021_CRD_436740_1 * BLOCK DEVELOPMENT OFFICER * FLOOD RELIEF WORKS 2020-21 VALLARACKANPARA-AATTUPARA ROAD I * അവസാന തീയതി : 08-Sep-2021 * അടങ്കൽ :` 892693

ദർഘാസ് : 2021_CRD_436738_1 * BLOCK DEVELOPMENT OFFICER * FLOOD RELIEF WORKS 2020-21 MULLAPPARA - VALLARAKKANPARA ROAD * അവസാന തീയതി : 08-Sep-2021 * അടങ്കൽ :` 892118

ദർഘാസ് : 2021_CRD_436735_1 * BLOCK DEVELOPMENT OFFICER * FLOOD 9/ 2020-21 NEDUMKANDAM BP WARD 7-MEKALLAR-ANAKALLU * അവസാന തീയതി : 08-Sep-2021 * അടങ്കൽ :` 892761

ദർഘാസ് : 2021_CRD_436734_1 * BLOCK DEVELOPMENT OFFICER * FLOOD RELIEF WORKS 2020-21 THOOKKUPALAM-MURUKANPARA ROAD IN * അവസാന തീയതി : 08-Sep-2021 * അടങ്കൽ :` 892840

ദർഘാസ് : 2021_CRD_436730_1 * BLOCK DEVELOPMENT OFFICER * FLOOD RELIEF WORKS 2020-21 MATHAYIPPADY-AMBALAMPADY ROAD IN * അവസാന തീയതി : 08-Sep-2021 * അടങ്കൽ :` 891848

ദർഘാസ് : 2021_CRD_436727_1 * BLOCK DEVELOPMENT OFFICER * FLOOD RELIEF WORKS 2020-21 KEETHANANIKALPADY-POOTHE * അവസാന തീയതി : 08-Sep-2021 * അടങ്കൽ :` 892426

ദർഘാസ് : 2021_CRD_436723_1 * BLOCK DEVELOPMENT OFFICER * FLOOD RELIEF WORKS 2020-21 PARAKKADAVU-PARAPPANANGADI ROAD I * അവസാന തീയതി : 08-Sep-2021 * അടങ്കൽ :` 892781

ദർഘാസ് : 2021_CRD_436717_1 * BLOCK DEVELOPMENT OFFICER * FLOOD RELIEF WORKS 2020-21 NIRAPPELPADY KANAKAKUNNU ROAD IN * അവസാന തീയതി : 08-Sep-2021 * അടങ്കൽ :` 892604

ദർഘാസ് : 2021_CRD_436713_1 * BLOCK DEVELOPMENT OFFICER * FLOOD RELIEF WORKS 2020-21 METTAKIL SCHOOLPADY KAMBALA ROAD * അവസാന തീയതി : 08-Sep-2021 * അടങ്കൽ :` 892478

ദർഘാസ് : 2021_CRD_436708_1 * BLOCK DEVELOPMENT OFFICER * FLOOD RELIEF WORKS 2020-21 MINOR CITY SATHEESANPADY ROAD IN * അവസാന തീയതി : 08-Sep-2021 * അടങ്കൽ :` 892156

ദർഘാസ് : 2021_CRD_436668_1 * BLOCK DEVELOPMENT OFFICER * FLOOD RELIEF WORKS 2020-21 NEELAKANDANPADY NELLIPPUZHAPADY R * അവസാന തീയതി : 08-Sep-2021 * അടങ്കൽ :` 892318

ദർഘാസ് : 2021_CRD_436643_1 * BLOCK DEVELOPMENT OFFICER * FLOOD RELIEF WORKS 2020-21 RAJENDRANPADY-RAJAJI PADY ROAD IN * അവസാന തീയതി : 08-Sep-2021 * അടങ്കൽ :` 892536

ദർഘാസ് : 2021_CRD_436607_1 * BLOCK DEVELOPMENT OFFICER * FLOOD RELIEF WORKS 2020-21 KUMBHAPPARA-MEPPARA-VELLIVELUTH * അവസാന തീയതി : 08-Sep-2021 * അടങ്കൽ :` 892204

ദർഘാസ് : 2021_CRD_436585_1 * BLOCK DEVELOPMENT OFFICER * FLOOD RELIEF WORKS 2020-21 KANAKAPUZHA SN PADY THAKIDIYELPA * അവസാന തീയതി : 08-Sep-2021 * അടങ്കൽ :` 892441

ദർഘാസ് : 2021_CRD_436536_1 * BLOCK DEVELOPMENT OFFICER * FLOOD RELIEF WORKS 2020-21 SNDP PADI-PARIVARTHANAMEDU ROAD P * അവസാന തീയതി : 08-Sep-2021 * അടങ്കൽ :` 891560

ദർഘാസ് : 2021_CRD_436519_1 * BLOCK DEVELOPMENT OFFICER * FRW 2020-21 KUZHIKKANDAM-KANDATHILPADY * അവസാന തീയതി : 08-Sep-2021 * അടങ്കൽ :` 892312

ദർഘാസ് : 2021_CRD_436442_1 * BLOCK DEVELOPMENT OFFICER * FLOOD RELIEF WORKS 2020-21 MUNIYARAKUNNU-THOTTIYIL BHAGAM RO * അവസാന തീയതി : 08-Sep-2021 * അടങ്കൽ :` 892478

ദർഘാസ് : 2021_CRD_436379_1 * BLOCK DEVELOPMENT OFFICER * FLOOD RELIEF WORKS 2020-21 THALAYINKAVU-ENCHIPPADY ROAD IN S * അവസാന തീയതി : 08-Sep-2021 * അടങ്കൽ :` 892759

ദർഘാസ് : 2021_CRD_436347_1 * BLOCK DEVELOPMENT OFFICER * FLOOD RELIEF WORKS 2020-21 RAJAKKAD BUS STAND BYPASS ROAD IN * അവസാന തീയതി : 08-Sep-2021 * അടങ്കൽ :` 892520

ദർഘാസ് : 2021_CRD_436305_1 * BLOCK DEVELOPMENT OFFICER * FLOOD RELIEF WORKS 2020-21 KURISHUPARA-KAMASHIVILASAM ROAD I * അവസാന തീയതി : 08-Sep-2021 * അടങ്കൽ :` 892647

ദർഘാസ് : 2021_CRD_436261_1 * BLOCK DEVELOPMENT OFFICER * FLOOD RELIEF WORKS 2020-21 CHAKKALATHIMEDU-RAJAKKAD BUS STAN * അവസാന തീയതി : 08-Sep-2021 * അടങ്കൽ :` 892003

ദർഘാസ് : 2021_CRD_436255_1 * BLOCK DEVELOPMENT OFFICER * FLOOD RELIEF WORKS 2020-21 EDAMATTOM-VELLAKKADA ROAD IN RAJA * അവസാന തീയതി : 08-Sep-2021 * അടങ്കൽ :` 892123

ദർഘാസ് : 2021_CRD_437327_1 * BLOCK DEVELOPMENT OFFICER * FLOOD 2020-21-Kilikkode Michabhoomi road maintenance at Mala * അവസാന തീയതി : 13-Sep-2021 * അടങ്കൽ :` 892363

ദർഘാസ് : 2021_CRD_437378_1 * BLOCK DEVELOPMENT OFFICER * FLOOD 2020-21-Railwaycross Ambalathumkala road maintenance a * അവസാന തീയതി : 13-Sep-2021 * അടങ്കൽ :` 892523

ദർഘാസ് : 2021_CRD_437394_1 * BLOCK DEVELOPMENT OFFICER * FLOOD 2020-21- Pinatinmoodu Chanthoor Balawadi road maintena * അവസാന തീയതി : 13-Sep-2021 * അടങ്കൽ :` 892836

ദർഘാസ് : 2021_CRD_437311_1 * BLOCK DEVELOPMENT OFFICER * FLOOD 2020-21 Colony Udayagiri Colony Road Maintenance at wa * അവസാന തീയതി : 13-Sep-2021 * അടങ്കൽ :` 892589

ദർഘാസ് : 2021_CRD_437320_1 * BLOCK DEVELOPMENT OFFICER * FLOOD 2020-21 Veliyam Junction Thundayyathkavu Road maintena * അവസാന തീയതി : 13-Sep-2021 * അടങ്കൽ :` 892363

ദർഘാസ് : 2021_CRD_437370_1 * BLOCK DEVELOPMENT OFFICER * FLOOD 2020-21-Veliyam Colony Substation Madavoor Colony road * അവസാന തീയതി : 13-Sep-2021 * അടങ്കൽ :` 892793

വിശദവിവരങ്ങൾ https://etenders.kerala.gov.in സന്ദർശിക്കുക

Ro.No: 30-05/Aug-Sep/2021/PRD/4


# മന്ത്രി അഹമ്മദ് ദേവർ കോവിലിന്റെ മഞ്ചേരിയിലെ കുടക്കല്ല് സന്ദർശനം ഒത്തുതീർപ്പ് ലംഘനം: ഐ എൻ എൽ

മഞ്ചേരി: മന്ത്രി അഹമ്മദ് ദേവർ കോവിൽ നടത്തിയ മഞ്ചേരി നഗരസഭയിലെ പട്ടർകുളത്തെ കുടക്കല്ല് സന്ദർശനം എന്ന പേരിൽ നടന്ന പരിപാടി എ.പിഅബൂബക്കർ ഉസ്താദിന്റെ മദ്ധ്യസ്ഥതയിൽ നടന്ന തീരുമാനങ്ങളുടെ ലംഘനവും മന്ത്രി ഗ്രൂപ്പ് പ്രവർത്തനം തുടരുന്നു എന്നതിന്റെ വ്യക്തമായ സൂചനയുമാണ്.

2003 മഞ്ചേരി നഗരസഭയില ഐഎൻഎൽ - എൽ ഡി എഫ് ഭരണം കാലുമാറ്റത്തിലൂടെ അട്ടിമറിച്ച് ലീഗിന് ഭരണം നേടിക്കൊടുക്കാൻ അഹോരാത്രം പണിയെടുത്ത അന്നത്തെ ജില്ലാ പ്രസിഡന്റായ സാലാം കുരിക്കൾ, മുസ്ലിം ലീഗ് ആറു വർഷത്തേക്ക് പുറത്താക്കിയ വല്ലാഞ്ചിറ നാസർ എന്നിവരാണ് മന്ത്രിയെ അനുഗമിച്ചത്. മഞ്ചേരി നഗരസഭയിലെ എൽഡിഎഫ് ഭരണം അട്ടിമറിച്ച കൗൺസിലറുടെ വീട്ടിലായിരുന്നു മന്ത്രിയുടെ ആദ്യ സന്ദർശനം. വള്ളുവമ്പ്രത്തുള്ള വിവാദ കള്ളക്കടത്തുകാരന്റെ വീട്ടിലായിരുന്നു മന്ത്രിയുടെ ഉച്ച ഭക്ഷണം.

ഐ എൻ എൽ മണ്ഡലം കമ്മിറ്റിയെയും എൽ ഡി എഫ് മഞ്ചേരി കമ്മറ്റിയെ അറിയിക്കാതെയുള്ള മന്ത്രിയുടെ കൊടക്കല്ല് സന്ദർശനത്തിൽ നിന്നും എൻഡിഎഫ്-ഐ എൻ എൽ നേതാക്കളും പ്രവർത്തകരും വിട്ടു നിന്നു.

കുടക്കല്ല് സന്ദർശനം എൽ. ഡി. എ ഫ് - ഐ .എൻ.എൽ സഹകരണത്തോടെ നടത്താൻ പരിപാടി മാറ്റി, മന്ത്രിക്ക് സൗകര്യമുള്ള മറ്റൊരു ദിവസമാക്കണമെന്ന് ഐഎൻഎൽ മണ്ഡലം കമ്മറ്റി അഭ്യർത്ഥിച്ചിരുന്നു. ആ അഭ്യർത്ഥനയും നിരസിക്കുകയാണ് മന്ത്രി ചെയ്തത്.

മന്ത്രിയുടെ തീരുമാനത്തിൽ ഐഎൻഎൽ മണ്ഡലം കമ്മറ്റി പ്രതിഷേധം രേഖപ്പെടുത്തി.

# പ്ലാവിലയിൽ മേൽപ്പാലം: വി. മുരളീധരന് ഗഡ്കരിയുടെ ഉറപ്പ്

കോവളം: തിരുവനന്തപുരം ദേശീയപാതയിൽ കോവളം കാഞ്ഞിരംകുളം പഞ്ചായത്തിലെ പ്ലാവില ജംഗ്ഷനിൽ കഴിവൂർ- താഴംകാട് റോഡിനെ ബന്ധിപ്പിക്കുന്ന മേൽപ്പാലത്തിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം അനുമതി നൽകും. കേന്ദ്രസഹമന്ത്രി വി.മുരളീധരൻ, ഉപരിതലഗതാഗത വകുപ്പുമന്ത്രി നിതിൻ ഗഡ്കരിയുമായി നടത്തിയ ചർച്ചയിലാണ് ഈ ഉറപ്പ് ലഭിച്ചത്. വാർഷിക പദ്ധതിയിൽ മേൽപ്പാലം ഉൾപ്പെടുത്താൻ നിതിൻ ഗഡ്കരി, മന്ത്രാലയത്തിന് നിർദേശം നൽകി.

# തദ്ദേശ ഉപതിരഞ്ഞെടുപ്പ്; 32 തദ്ദേശ വാർഡുകളുടെ കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു

തിരുവനന്തപുരം : ഉപതിരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാനത്തെ 12 ജില്ലകളിലെ 32 തദ്ദേശ വാർഡുകളിലെ കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു.

കരട് വോട്ടർപട്ടിക www.lsgelection.kerala.gov.in എന്ന വെബ്സൈറ്റിലും ബന്ധപ്പെട്ട പഞ്ചായത്ത്,നഗരസഭ, താലൂക്ക്, വില്ലേജ് ഓഫീസുകളിലും ലഭിക്കും. ഇന്ന് (06.09.2021) മുതൽ സെപ്റ്റംബർ 20 വരെ വോട്ടർ പട്ടികയിൽ പേര് ചേർക്കാം. കരട് പട്ടിക സംബന്ധിച്ച ആക്ഷേപങ്ങളും 20 വരെ സമർപ്പിക്കാം. സെപ്റ്റംബർ 30 ന് അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കും.

ആലപ്പുഴ ജില്ലാ പഞ്ചായത്തിലെ അരൂർ, പാലക്കാട് ജില്ലാ പഞ്ചായത്തിലെ ശ്രീകൃഷ്ണപുരം, കോഴിക്കോട് ജില്ലാ പഞ്ചായത്തിലെ നൻമണ്ട വാർഡുകളിലും തിരുവനന്തപുരം ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിലെ ഇടക്കോട്, പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിലെ പോത്തൻകോട്, തൃശൂർ മതിലകം ബ്ലോക്ക് പഞ്ചായത്തിലെ അഴീക്കോട്, പാലക്കാട് കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിലെ ചുങ്കമന്ദം വാർഡുകളിലും തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിലെ വെട്ടുകാട്, കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ ഗാന്ധി നഗർ വാർഡുകളിലും വോട്ടർ പട്ടിക പുതുക്കുന്നു.

വോട്ടർ പട്ടിക പുതുക്കുന്ന ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി വാർഡുകൾ (ജില്ല, തദ്ദേശ സ്ഥാപനം, വാർഡ് എന്ന ക്രമത്തിൽ)

തിരുവനന്തപുരം-വിതുര പൊന്നാംചുണ്ട്, കൊല്ലം-ചിതറ-സത്യമംഗലം, കൊല്ലം- തേവലക്കര- നടുവിലക്കര, കോട്ടയം-കാണക്കാരി-കളരിപ്പടി, കോട്ടയം-മാഞ്ഞൂർ-മാഞ്ഞൂർ സെൻട്രൽ , ഇടുക്കി-രാജക്കാട്-കുരിശുംപടി, ഇടുക്കി-ഇടമലക്കുടി-വടക്കേഇടലി പാറക്കുടി, തൃശൂർ- കടപ്പുറം-ലൈറ്റ് ഹൗസ്, പാലക്കാട്-തരൂർ-തോട്ടുവിള, പാലക്കാട്-എരുത്തേമ്പതി-മൂങ്കിൽമട, പാലക്കാട്-എരുമയൂർ-അരിയക്കോട്, പാലക്കാട്-ഓങ്ങല്ലൂർ-കർക്കിടകച്ചാൽ, മലപ്പുറം-പൂക്കോട്ടൂർ-ചീനിക്കൽ, മലപ്പുറം-കാലടി-ചാലപ്പുറം, മലപ്പുറം-തിരുവാലി-കണ്ടമംഗലം, മലപ്പുറം-ഊർങ്ങാട്ടിരി-വേഴക്കോട്, മലപ്പുറം-മക്കരപ്പറമ്പ്-കാച്ചിനിക്കാട്, കോഴിക്കോട്-കൂടരഞ്ഞി-കുമ്പാറ, കോഴിക്കോട്-ഉണ്ണിക്കുളം-വള്ളിയോത്ത്, കണ്ണൂർ-എരുവേശി-കൊക്കമുള്ള് എന്നീ ഗ്രാമപഞ്ചായത്തു വാർഡുകളിലും എറണാകുളം പിറവം-ഇടപ്പിള്ളിച്ചിറ, തൃശൂർ-ഇരിങ്ങാലക്കുട-ചാലാംപാടം, കാസർഗോഡ്-കാഞ്ഞങ്ങാട്-ഒഴിഞ്ഞവളപ്പ് എന്നീ മുനിസിപ്പാലിറ്റി വാർഡുകളിലും ഉപതിരഞ്ഞെടുപ്പിനായി വോട്ടർപട്ടിക പുതുക്കുന്നു

# തിരുവനന്തപുരത്ത് ട്രെയിൻ തട്ടി രണ്ടുപേർ മരിച്ചു

തുമ്പ: തിരുവനന്തപുരത്ത് രണ്ട് വിവിധ ഭാഷാ തൊഴിലാളികൾ ട്രെയിൻ തട്ടി മരിച്ചു. തുമ്പയിലാണ് സംഭവം. പശ്ചിമ ബംഗാൾ സ്വദേശികളായ ജയിംസ് ഒറാൻ, ഗണേഷ് ഒറാൻ എന്നിവരാണ് മരിച്ചത്.

രാവിലെ ജോലിക്ക് പോയ നാട്ടുകാരാണ് മൃതദേഹങ്ങൾ കണ്ടത്. മൃതദേഹത്തിനരികിൽ മൊബൈൽ ഫോണുകളും ഹെഡ് ഫോണും കണ്ടെത്തി. രാത്രി ഫോണിൽ സംസാരിച്ചിരിക്കവെ ട്രെയിൻ തട്ടിയതാകാമെന്നാണ് പോലീസ് നിഗമനം.

കുളത്തൂർ ചിത്തിര നഗറിൽ പാളത്തിന് സമീപത്താണ് ഇവർ വാടകയ്ക്ക് താമസിക്കുന്നത്. ഇരുവരും കെട്ടിട കരാർ തൊഴിൽ ചെയ്യുന്നവരാണ്. കൂടുതൽ പരിശോധനയ്ക്കായി മൃതദേഹങ്ങൾ തിരുവനന്തപുരം മെഡിക്കൽ കോളേജ് മോർച്ചറിയിലേക്ക് മാറ്റി.



തിരുവനന്തപുരം ജനറൽ ഹോസ്പിറ്റലിലേക്ക് ജെ.സി.ഐ. നൽകിയ ഓക്സിജൻ ജനറേറ്റർ അഡ്വ. വി.കെ പ്രശാന്ത് എം.എൽ.എ ജനറൽ ഹോസ്പിറ്റൽ അങ്കണത്തിൽ വച്ച് നടന്ന ചടങ്ങിൽ ഹോസ്പിറ്റൽ സൂപ്രണ്ടിന് കൈമാറുന്നു

# ജെ. സി. ഐ. ഇന്ത്യ ഫൗണ്ടേഷൻ ജനറൽ ആശുപത്രിയിലേക്ക് ഓക്സിജൻ ജനറേറ്റർ നൽകി

തിരുവനന്തപുരം : ആഗോള യുവജന സംഘടനയായ ജൂനിയർ ചേമ്പർ ഇന്റർനാഷണൽ ഫൗണ്ടേഷനും ജൂനിയർ ചേമ്പർ വേൾഡ് തായ്‌വാൻ ഫൗണ്ടേഷനും ചേർന്ന് സംസ്ഥാന ഗവൺമെന്റിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് സഹായമേകാനായി 40 ഓക്സിജൻ ജനറേറ്ററുകൾ നൽകുന്നു. അതിന്റെ ഭാഗമായി തിരുവനന്തപുരം ജനറൽ ഹോസ്പിറ്റലിലേക്ക് ജെ.സി.ഐ. നൽകിയ ഓക്സിജൻ ജനറേറ്റർ അഡ്വ. വി.കെ പ്രശാന്ത് എം.എൽ.എ ജനറൽ ഹോസ്പിറ്റൽ അങ്കണത്തിൽ വച്ച് നടന്ന ചടങ്ങിൽ ഹോസ്പിറ്റൽ സൂപ്രണ്ടിന് കൈമാറി.

ചടങ്ങിൽ ജെ.സി.ഐ. ഇന്ത്യ സോൺ 22 ന്റെ സോൺ പ്രസിഡന്റ് ശ്രീനാഥ് എസ്, ജെ.സി.ഐ സോൺ വൈസ് പ്രസിഡന്റുമാരായ സെന്തിൽ കുമാർ, ലക്ഷ്മി ജി കുമാർ, സോൺ കോർഡിനേറ്ററായ ശ്രീകാന്ത്, മറ്റ് ജനപ്രതിനിധികൾ, ആശുപത്രി ജീവനക്കാർ എന്നിവർ പങ്കെടുത്തു.

# നിരന്തര പ്രക്ഷോഭത്തിലൂടെ ബി ജെ പി സർക്കാറിനെ താഴെയിറക്കും: കെ പി രാജേന്ദ്രൻ

മലപ്പുറം : നിരന്തര പ്രക്ഷോഭത്തിലൂടെ ബി ജെ പി സർക്കാറിനെ താഴെയിറക്കുമെന്ന് എ.ഐ.ടി.യു.സി സംസ്ഥാന ജനസെക്രട്ടറി കെ പി രാജേന്ദ്രൻ.

പാചക വാകത വില വർദ്ധനവ് നിരന്തരം നടത്തി ജനങ്ങളെ കൊള്ളയടിക്കുന്ന കേന്ദ്ര സർക്കാറിന്റെ ജനദ്രോഹ നയത്തിൽ പ്രതിഷേധിച്ച് എ.ഐ.ടി.യു.സിയുടെ നേതൃത്വത്തിലുള്ള കുറ്റവിചാരണ പ്രക്ഷോഭം മലപ്പുറത്ത് ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.




എ.ഐ.ടി.യു.സി മലപ്പുറം ജില്ലാ കമ്മിറ്റി മലപ്പുറം മുനിസിപ്പൽ ബസ് സ്റ്റാന്റ് പരിസരത്ത് നടത്തിയ കേന്ദ്ര സർക്കാറിനെ കുറ്റവിചാരണ ചെയ്യുന്ന സമരപരിപാടി എ.ഐ.ടി.യു.സി സംസ്ഥാന ജനസെക്രട്ടറി കെ പി രാജേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

ഈ വർഷത്തെ അഞ്ചാമത്തെ വില വർദ്ധനവാണിത്. ഈയിടെ 25 രൂപ വർദ്ധിപ്പിച്ച് ഇപ്പോഴത്തെ ഒരു സിലിണ്ടറിന്റെ വില 884 രൂപയാണ്. 29 കോടി ഗാർഹിക കണക്ഷനുകളുള്ള ഈ രാജ്യത്ത് ഇത്തരം വർദ്ധനവിലൂടെ 725 കോടി രൂപയാണ് കേന്ദ്രസർക്കാർ ജനങ്ങളെ കൊള്ളയടിച്ച് സ്വരൂപിച്ചത്.

പാചക വാതക സിലിണ്ടറിനുള്ള സബ്സിഡി നിർത്തലാക്കിയ കേന്ദ്ര സർക്കാർ ഈ കോവിഡ് കാലത്ത് ജനങ്ങളെ പരമാവധി ദ്രോഹിക്കുകയാണ്.

എ.ഐ.ടി.യു.സി സംസ്ഥാന വൈസ് പ്രസിഡന്റ് പി. സുബ്രഹ്മണ്യൻ, ജില്ലാ സെക്രട്ടറി എം എ റസാഖ്, സംസ്ഥാന വർക്കിംഗ് കമ്മിറ്റി മെമ്പർമാരായ കെ പി ബാലകൃഷ്ണൻ, എ കെ ജബ്ബാർഎന്നിവരും സൗദ, ഉമ്മർ എടക്കര, ഒ കെ അയ്യപ്പൻ, ഹരീഷ് കുമാർ, ടി പി സുബ്രഹ്മണ്യൻ, ഹുസൈൻ ഇസ്പാടത്ത്, ജി സുരേഷ് കുമാർ, കരീം വാരിയത്ത്, കെ ശ്രീകുമാർ, റജിനോൾഡ്, മാനേരി ഹസ്സൻ, കെ ബാബുരാജ് എന്നിവർ സംസാരിച്ചു.


## GRAMEEN SOWHRUDA NIDHI LIMITED

**CIN U65990KL2020PLN061759**

**Reg off: Shop No: 700/B.F.F Building Chempoor, Mudakkal P.O., Thiruvananthapuram695103**

**PH: 8592040504 | E-Mail : grameensowhruda@gmail.com**

**NOTICE OF AGM**

Notice is hereby given that the 1st AGM of GRAMEEN SOWHRUDA NIDHI LIMITED will be held on Thursday, 30th September 2021 at 10.00 A.M. at Shop No: 700/B.F.F Building Chempoor, Mudakkal P.O., Thiruvananthapuram-695103. The Financial Statements of the Company can be inspected at the registered office of the company and Financial statement with enclosures are affixed in the notice board of the company and member is entitled to vote either in person or through proxy. Copy of notice & all relevant documents are available at the registered office.

By the order of the Board
For and on behalf of
GRAMEEN SOWHRUDA NIDHI LIMITED
Subhash Babu Gangadharan Pillai
DIRECTOR | DIN 08714208

Place: Trivandrum
Date: 08/09/2021


Edited, Printed, Published & Owned by Deepak.S and printed at Rainbow Printers, Kalakaumudi Gardens, Kumarapuram on behalf of Technopoint published at Puliyoorkonam P.O., Thiruvananthapuram - 695604. Editor : Deepak.S (Responsible for selection of news under the PRB Act).
E-mail: karmasakthidaily@gmail.com

# പുതിയ ഗ്രീൻഫീൽഡ് പാത സംബന്ധിച്ച് ഉറപ്പ് ലഭിച്ചു: മന്ത്രി വി. മുരളീധരൻ



ന്യൂഡൽഹി: കോഴിക്കോടു നിന്നു പാലക്കാട് വഴി കോയമ്പത്തൂരിന് പുതിയ ഗ്രീൻഫീൽഡ് പാത സംബന്ധിച്ച് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രി നിതിൻ ഗഡ്കരിയിൽ നിന്ന് ഉറപ്പ് ലഭിച്ചതായി വിദേശകാര്യ സഹമന്ത്രി വി. മുരളീധരൻ അറിയിച്ചു.

സംസ്ഥാന സർക്കാരിൽ നിന്ന് പദ്ധതി നിർദേശം ലഭിച്ചാലുടൻ ഇക്കാര്യത്തിൽ അനുകൂല തീരുമാനം കേന്ദ്രത്തിന്റെ ഭാഗത്ത് നിന്നുണ്ടാകും. കൂടാതെ വനഭൂമി ഏറ്റെടുക്കാതെ മൈസൂരിനെയും കോഴിക്കോടിനെയും ബന്ധിപ്പിക്കുന്ന ബദൽ പാതക്കും കേന്ദ്രം സന്നദ്ധത അറിയിച്ചിട്ടുണ്ട്. നിലവിൽ പ്രവൃത്തി നടക്കുന്ന കന്യാകുമാരി മുംബൈ ദേശീയ പാതയുടെ പണി വേഗത്തിലാക്കാനും കേന്ദ്രമന്ത്രി നിർദേശം നൽകിയെന്ന് വി.മുരളീധരൻ പറഞ്ഞു.

തലശ്ശേരി മാഹി വടകര ബൈപാസുകളുടെയും കോഴിക്കോട് ബൈപാസിന്റെയും പണി വേഗത്തിലാക്കുന്നതിനും നടപടി സ്വീകരിക്കും. മലബാർ ചേമ്പർ ഓഫ് കോമേഴ്സ് ഭാരവാഹികളോടൊപ്പം നിതിൻ ഗഡ്കരിയെ സന്ദർശിച്ച ശേഷം മാധ്യമങ്ങളോട് പ്രതികരിക്കുകയായിരുന്നു വി. മുരളീധരൻ. ചേംബർ ഓഫ് കോമേഴ്സ് പ്രസിഡന്റ് ഹസീബ് അഹമ്മദ്, വൈസ് പ്രസിഡന്റ് നിത്യാനന്ദ് കാമത്ത്, സെക്രട്ടറി മഹബൂബ്, ബിജെപി സംസ്ഥാന സെക്രട്ടറി പി. രഘുനാഥ്, കോഴിക്കോട് കോർപ്പറേഷൻ കൗൺസിലർ നവ്യാ ഹരിദാസ് തുടങ്ങിയവരും നിതിൻ ഗഡ്കരിയെ കാണാനെത്തിയ സംഘത്തിലുണ്ടായിരുന്നു.

# വാക്സിൻ പ്രതിരോധത്തെ മറികടക്കാൻ ഡെൽറ്റ വകഭേദത്തിന് എട്ട് മടങ്ങ് ശേഷി കൂടുതൽ: പഠനം

കൊവിഡ് വാക്സിൻ എടുക്കുന്നത് വഴി ശരീരത്തിന് ലഭിക്കുന്ന പ്രതിരോധ ശേഷിയെ മറികടക്കാൻ ഡെൽറ്റ വകഭേദത്തിന് എട്ട് മടങ്ങ് ശേഷി കൂടുതലാണെന്ന് പുതിയ പഠനം. നേച്ചർ ജേണലിൽ പ്രസിദ്ധീകരിച്ച പഠനത്തിലാണ് ഇതിനെ കുറിച്ച് പറയുന്നത്.

ഡെൽറ്റ വേരിയന്റിന് അസ്ട്രാസെനെക്ക അല്ലെങ്കിൽ ഫൈസർ വാക്സിനുകളിലൂടെ നേടിയ പ്രതിരോധത്തിൽ നിന്ന് മറികടക്കാൻ എട്ട് മടങ്ങ് കൂടുതൽ സാധ്യതയുണ്ടെന്നും കൊവിഡിൽ നിന്ന് സുഖം പ്രാപിച്ച ആളുകളെ വീണ്ടും ബാധിക്കാനുള്ള സാധ്യത ഡെൽറ്റ വേരിയന്റിന് ആറ് മടങ്ങ് കൂടുതലാണെന്നും പഠനത്തിൽ പറയുന്നു.

ഡെൽറ്റ വകഭേദത്തിന് ശരീരത്തിൽ കൂടുതൽ വൈറസ് പകർപ്പുകളെ സൃഷ്ടിക്കാനുള്ള ശേഷിയും കൂടുതലാണ്.

ഈ രണ്ട് പ്രത്യേകതകളുമാണ് ഡെൽറ്റ വകഭേദത്തിന്റെ അതിവേഗ വ്യാപനത്തിന് ഇടയാക്കുന്നതെന്ന് പഠനത്തിൽ ചൂണ്ടിക്കാട്ടുന്നു.

# 'ബി ദ വാരിയർ' ക്യാമ്പയിനിന് ജില്ലയിൽ തുടക്കമായി




തിരുവനന്തപുരം : കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യ വകുപ്പ് ആരംഭിച്ച 'ബി ദ വാരിയർ' ബോധവത്കരണ ക്യാമ്പയിനിന് ജില്ലയിൽ തുടക്കമായി. ജില്ലാ കളക്ടർ ഡോ. നവ്ജ്യോത് ഖോസ ക്യാമ്പയിനിന്റെ ലോഗോ പ്രകാശനം ചെയ്തു.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തി മൂന്നാം തരംഗത്തിന്റെ തീവ്രത കുറയ്ക്കുകയും വാക്സിനേഷൻ ഊർജ്ജിതമാക്കുകയുമാണ് ക്യാമ്പയിനിന്റെ ലക്ഷ്യം. ഇതുവരെ നടത്തിയ പ്രതിരോധ പ്രവർത്തനങ്ങളുടെ ഫലമായി രോഗബാധ ഉണ്ടാകാതെ വളരെയേറെ പേരെ സംരക്ഷിക്കാനായിട്ടുണ്ട്.

വാക്സിൻ ലഭിക്കുന്ന മുറയ്ക്ക് അതിവേഗം വാക്സിനേഷൻ നൽകി എല്ലാവരേയും സുരക്ഷിതമാക്കാനാണ് ശ്രമിക്കുന്നത്. യഥാസമയം കോവിഡ് വാക്സിൻ സ്വീകരിച്ച് എസ്.എം.എസ് കൃത്യമായി പാലിച്ച്, ആധികാരിക സന്ദേശങ്ങൾ മാത്രം കൈമാറി കോവിഡിനെതിരെയുള്ള പോരാട്ടത്തിൽ യോദ്ധാവായി ഓരോ വ്യക്തിയും മാറണമെന്നതാണ് ക്യാമ്പയിൻ നൽകുന്ന സന്ദേശം.

ജില്ലാ മെഡിക്കൽ ഓഫിസർ ഡോ. കെ.എസ്. ഷിനു, ജില്ലാ പ്രോഗ്രാം മാനേജർ ഇൻ ചാർജ് ഡോ. സുകേഷ് രാജ്, ആർദ്രം മിഷൻ അസിസ്റ്റന്റ് നോഡൽ ഓഫിസർ ഡോ.എ. അജേഷ്, ജില്ലാ എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ ബി. പമേല, ആരോഗ്യകേരളം ജൂനിയർ കൺസൾട്ടന്റ് ജെ. വർഷ എന്നിവർ പങ്കെടുത്തു.

## കണ്ടൽ പച്ചത്തുരുത്ത് പദ്ധതിക്ക് തുടക്കമായി

തിരുവനന്തപുരം : ജില്ലയിലെ ആദ്യ കണ്ടൽ പച്ചത്തുരുത്ത് പദ്ധതിക്ക് കോട്ടുകാൽ കരിച്ചൽ കായൽ വൃഷ്ടിപ്രദേശത്ത് തുടക്കം കുറിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി സുരേഷ്കുമാർ പദ്ധതി ഉദ്ഘാടനം ചെയ്തു. ഹരിത കേരളം മിഷന്റെ പച്ചത്തുരുത്ത് പദ്ധതിയുടെ ഭാഗമായാണ് കരിച്ചൽ കായൽ പ്രദേശത്ത് കണ്ടൽ പച്ചത്തുരുത്ത് വച്ചുപിടിപ്പിക്കുന്നത്.

ഹരിത കേരളം മിഷൻ, തദ്ദേശസ്വയംഭരണ വകുപ്പ്, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തുടങ്ങിയവയുടെ സംയുക്ത സഹകരണത്തോടെ പരിസ്ഥിതിയുടെയും കണ്ടൽവനങ്ങളുടെയും സംരക്ഷണം, കരിച്ചൽ കായലിന്റെ പുനരുദ്ധാരണം എന്നിവയ്ക്കു പ്രഥമ പരിഗണന നൽകിയാണു പദ്ധതി നടപ്പാക്കുന്നത്.

പരിസ്ഥിതി പ്രവർത്തകനും കർഷകനുമായ പി.വി. ദിവാകരന്റെ നേതൃത്വത്തിലാണു കണ്ടൽ പച്ചത്തുരുത്ത് ആവശ്യമായ തൈകൾ ഉത്പാദിപ്പിക്കുന്നത്. കണ്ടൽ പച്ചതുരുത്ത് നിർമാണത്തിനു സാധ്യതയുള്ള ജില്ലയിലെ മറ്റു പ്രദേശങ്ങളിലേക്കും പദ്ധതി വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്നുണ്ടെന്നു ഹരിത കേരളം മിഷൻ ടെക്നിക്കൽ ഓഫീസർ വി.വി. ഹരിപ്രിയ ദേവി പറഞ്ഞു. കുമാർ നീലേശ്വരം തുടങ്ങിയവർ പങ്കെടുത്തു.

# 'മഴ മിഴി' യിൽ ഇന്ന് ഊരാളികൂത്തും ആര്യമാലയും, നാടൻപാട്ടും

തിരുവനന്തപുരം : കേരള സർക്കാരിന്റെ സാംസ്കാരിക വകുപ്പിന്റെയും വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെയും സഹകരണത്തോടെ കോവിഡ് പ്രതിസന്ധിയുടെ കാലത്ത് കലാസമൂഹത്തിന് നവ മാധ്യമത്തിലൂടെ വേദി ഒരുക്കുവാനും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുമായി ഒരുക്കുന്ന സമാശ്വാസ പദ്ധതിയായ 'മഴമിഴി' മൾട്ടി മീഡിയ മെഗാ സ്ട്രീമിങ്ങിൽ പതിനൊന്നാം ദിനമായ ഇന്ന് ഊരാളികൂത്ത്, ആര്യമാല, നാടൻപാട്ട്, ഘടലയം, സ്കിറ്റ് എന്നിവ അരങ്ങേറും.

ഇന്നലെ തമ്പി പയ്യപ്പിള്ളിയും സംഘവും അവതരിപ്പിച്ച ചവിട്ടുനാടകം പ്രേക്ഷകർക്ക് പുത്തൻ അനുഭവമായി. തുടർന്ന് ഫോക്ക്ലോർ അക്കാദമി പുരസ്കാര ജേതാവ് ഭാസ്കരൻ മഠത്തിലും സംഘവും അവതരിപ്പിച്ച കണ്യാർകളി, കെ.ശിവകുമാറിന്റെ നേതൃത്വത്തിലുള്ള മഹാദേവ ഗ്രാമം കോൽക്കളി സംഘം അവതരിപ്പിച്ച ചരടുപിന്നികളി, ഉണ്ണി മാന്നാറും സംഘവും അവതരിപ്പിച്ച നാടൻപാട്ട്, പന്തളം ഫാക്ക് ക്രിയേഷൻസ് അവതരിപ്പിച്ച വാണിയക്കോലം എന്നിവ അരങ്ങേറി.

മുൻ സാംസ്കാരിക വകുപ്പ് മന്ത്രി എം.എ ബേബി, കഥാകൃത്തും, സംവിധായകനുമായ മധുപാൽ എന്നിവർ അതിജീവന സന്ദേശം നടത്തി. 65 ദിവസം നീണ്ട് നിൽക്കുന്ന മെഗാ സ്ട്രീമിങ്ങിലൂടെ 150 ഓളം കലാരൂപങ്ങളിലായാണ് 350 ഓളം കലാ സംഘങ്ങളുടെ കലാപ്രകടനങ്ങൾ പ്രദർശിപ്പിക്കുന്നത്. ചലച്ചിത്ര അക്കാദമി, ഫോക്ലോർ അക്കാദമി, ലളിതകലാഅക്കാദമി, ഗുരുഗോപിനാഥ് നടനഗ്രാമം, സംഗീത നാടക അക്കാദമി എന്നീ സ്ഥാപനങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ കേരള സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവൻ ആണ് മഴമിഴി എന്ന മൾട്ടി മീഡിയ മെഗാ സ്ട്രീമിംഗ് ഒരുക്കുന്നത്.

samskarikam.org എന്ന വെബ് പേജിലൂടെയും വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെയും ലോകമലയാളി സംഘടനകളുടെ ശ്രദ്ധേയമായ പേജുകളിലൂടെയും രാത്രി 7 മുതൽ 9 വരെയാണ് വെബ്കാസ്റ്റിങ്.



തമ്പി പയ്യപ്പിള്ളിയും സംഘവും ഇന്നലെ അവതരിപ്പിച്ച ചവിട്ടുനാടകം



വിതുര കളീയ്ക്കൽ റസിഡൻസ് ആന്റ് വെൽഫെയർ അസോസിയേഷൻ ഉദ്ഘാടനം അഡ്വ. ജി സ്റ്റീഫൻ MLA നിർവഹിക്കുന്നു

# കളീയ്ക്കൽ വെൽഫെയർ റസിഡന്റ്സ് അസോസിയേഷൻ അഡ്വ. ജി സ്റ്റീഫൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു

വിതുര: കളീയ്ക്കൽ വെൽഫെയർ റസിഡന്റ്സ് അസോസിയേഷന്റെ ഉത്ഘാടന സമ്മേളനം അഡ്വ. ജി സ്റ്റീഫൻ MLA ഉത്ഘാടനം ചെയ്തു. SSLC ,+2 വിജയികൾക്ക് അനുമോദനവും വിശിഷ്ട വ്യക്തികൾക്ക് ആദരവും നൽകി. അസോസിയേഷൻ പ്രസിഡന്റ് വിപിൻ.B യുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ സെക്രട്ടറി L.J കിഷോർ കുമാർ സ്വാഗതം ആശംസിച്ചു.

ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് V.S ബാബുരാജ്, മണി തൂക്കി മെമ്പർ ലൗലി J.S,വിതുര മെമ്പർ ഷാജിത അൻഷാദ്, ഫ്രാറ്റ് മേഖല പ്രസിഡന്റ് ബാലചന്ദ്രൻ നായർ, ജനറൽ സെക്രട്ടറി തെന്നൂർ ഷിഹാബ്, റിട്ട. D M O ഡോ. P .S.പിള്ള, ശ്രീനിവാസൻ വിതുര തുടങ്ങിയവർ സംസാരിച്ചു.

ട്രഷറർ ബെർലിൻ ബെഞ്ചമിൻ നന്ദി രേഖപ്പെടുത്തി.

# 'സ്കൂൾ ഡേയ്സ് 94' കൂട്ടായ്മയ്ക്ക് വേദനയായി ജയലേഖയുടെ വേർപാട്



കുറ്റിച്ചൽ: പരുത്തിപ്പള്ളി സ്കൂളിലെ 1994 എസ്.എസ്.എൽ.സി ബാച്ചിന്റെ പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മയായ 'സ്കൂൾ ഡേയ്സ് 94' ലെ സജീവ അംഗമായിരുന്ന ജയലേഖയുടെ വേർപാട് തീരാ ദു:ഖമായി മാറി, കുറ്റിച്ചൽ പൊന്നറക്കോണം എസ്.ജെ ഭവനിൽ ജയലേഖ (42) കഴിഞ്ഞ അഞ്ച് വർഷത്തോളമായി വൃക്കരോഗത്തിനടിമയാകുകയും രണ്ട് വർഷമായി ആഴ്ചയിൽ മൂന്ന് ദിവസം ഡയാലിസിസ് ചെയ്ത് വരുകയുമായിരുന്നു.

ബാലരാമപുരത്തെ സ്പിന്നിംഗ് മില്ലിൽ ജോലി ചെയ്ത് കൊണ്ടിരിക്കെയാണ് രോഗിയായി മാറിയത്. തുടർന്ന് യാത്ര ചെയ്യുവാനുള്ള ബുദ്ധിമുട്ട് കാരണം കുറ്റിച്ചലിലെ വ്യാപാര സ്ഥാപനങ്ങളിൽ ദിവസവേതനത്തിന് ജോലി നോക്കിയിരുന്നു. കോവിഡ് മഹാമാരിയും ലോക്ക് ഡൗണും ആയതോട് കൂടി ആ ജോലിയും നഷ്ടമായി.

കാരക്കോണം മെഡിക്കൽ കോളേജിലും തിരുവനന്തപുരം മെഡിക്കൽ കോളേജിലുമായിരുന്നു ആദ്യകാലത്ത് ഡയാലിസിസ് നടത്തിയിരുന്നത്. ഡയാലിസിനായി അമ്മയോടൊപ്പം ബസിലായിരുന്നു യാത്ര. ലോക് ഡൗൺ തുടങ്ങിയതോട് കൂടി ഡയാലിസിനായി ആശുപത്രിയിൽ പോകാൻ കഴിയാതെയായി. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ട ജയലേഖയുടെ പത്താം ക്ലാസിലെ കളിക്കൂട്ടുകാർ ഇതിനൊരു പരിഹാരം കണ്ടെത്തി.

ഡയാലിസിസിന് ആശുപത്രിയിൽ പോകാനായി ഗ്രൂപ്പ് അഡ്മിൻമാരിൽ ഒരാളായ പ്രവീൺ കുറ്റിച്ചലിന്റെ നേതൃത്വത്തിൽ സ്വന്തം കാറിൽ കൊണ്ട് പോയി ആയിരുന്നു തുടക്കം. ഈ ദൗത്യം സഹപാഠികൾ ഏറ്റെടുത്തു മരണത്തിന് തൊട്ട് മുൻപ് വരെ മുടങ്ങാതെ ആശുപത്രിയിൽ എത്തിക്കുവാനും ഒപ്പമുണ്ടായിരുന്ന അനീസും മറ്റ് സഹപാഠികളായ ഓട്ടോ റിക്ഷ തൊഴിലാളികൾ ആയ വിനോദ്, പ്രതാപൻ, ഗിരീഷ്, വിജയകുമാർ, ഷാജി തുടങ്ങിയവരും കെ.റ്റി.ഡി.ഒ ഡ്രൈവേഴ്സ് യൂണിയൻ, മാനവീയം പ്രവാസി കൂട്ടായ്മ, കുറ്റിച്ചൽ കോവിഡ് ഗ്രൂപ്പ്, സേവാഭാരതി, 2008 എസ്.എസ്.എൽ.സി ബാച്ചായ സ്നേഹക്കൂട്, ടീം 2002 എസ്.എസ്.എൽ.സി ബാച്ച്, 2005 എസ്.എസ്.എൽ, സി ബാച്ച്, പുനലാലിലെ ദി ഡെയിൽ വ്യു തുടങ്ങി നിരവധി സംഘടനകളും സുമനസുകളും ജയ ലേഖയ്ക്കൊപ്പം ഉണ്ടായിരുന്നു.

ഡയാലിസിസിന് പുറമെ അയ്യായിരത്തിലധികം രൂപ വിലവരുന്ന മരുന്നുകൾ ,ഡയാലൈസർ തുടങ്ങിയവയ്ക്ക് ബുദ്ധിമുട്ട് വന്നപ്പോൾ പ്രവാസി സഹപാഠികളായ താഹ കാപ്പുകാട്, ബാക്കിർ ഹുസൈൻ, ഫസീല , സിമിമോൾ, അർഷാദ്, കുമാര ദാസ് തുടങ്ങിയവരും സഹായിച്ചു.

കോവിഡ് മഹാമാരിയ്ക്കിടയിൽ ജയലേഖയുടെ വീട് പെയിന്റടിച്ച് നൽകുവാനും, മകളുടെ വിവാഹത്തിനും ഈ കൂട്ടായ്മയുടെ അംഗങ്ങൾ ഒപ്പമുണ്ടായിരുന്നു. ജയലേഖയുടെ മകളുടെ മകളെ കാണാനുള്ള ഭാഗ്യവുണ്ടായി, കോവിഡ് കാലത്ത് ഈ കൂട്ടായ്മയായ സ്കൂൾ ഡേയ്സിലെ കൂട്ടുകാർക്ക് ജയലേഖ, കോട്ടൂർ സ്വദേശി അമീർ ഹുസൈൻ, നിലമ സ്വദേശി സുനിൽ എം.ജി എന്നിവർ നഷ്ടമായ വിഷമം താങ്ങാനാകാതെ കഴിയുകയാണ്.





# CHERIYIL NIDHI LIMITED

**CIN U65929KL2019PLC058312**

**Reg off: PP 12/96, CHERIYIL BUILDING KARETTE, VAMANAPURAM P.O. THIRUVANANTHAPURAM – 695606**

**PH : 9447492976 | E-Mail : cheriyilnidhi@gmail.com**

## NOTICE OF AGM

Notice is hereby given that the 2nd AGM of CHERIYIL NIDHI LIMITED will be held on Thursday, 30th September 2021 at 10.00 A.M. at PP 12/96, Cheriyil Building, Karette, Vamanapuram P.O. Thiruvananthapuram - 695606. The Financial Statements of the Company can be inspected at the registered office of the company and Financial statement with enclosures are affixed in the notice board of the company and member is entitled to vote either in person or through proxy. Copy of notice & all relevant documents are available at the registered office.

By the order of the Board

For and on behalf of CHERIYIL NIDHI LIMITED

Sd/-

J. HEMACHANDRAN NAIR

DIRECTOR | DIN 08475027

Place : Trivandrum
Date : 08.09.2021

# സൗന്ദര്യം വർദ്ധിപ്പിക്കാൻ സൗന്ദര്യ വർദ്ധക വസ്തുക്കൾക്ക് കഴിയില്ല: അനു കണ്ണനുണ്ണി

## പൊള്ളയായ വാഗ്ദാനങ്ങളില്ലാതെ നാച്ചുറൽ കോസ്മെറ്റിക് രംഗത്ത് ചുവടുറപ്പിച്ച് അനു കണ്ണനുണ്ണി

സബിത ഗംഗാധരൻ

'കണ്ണിനു സൗന്ദര്യമുണ്ടെങ്കിൽ കാണുന്നതെല്ലാം സുന്ദര'മെന്ന് ഒരു കവി എഴുതിയതുപോലെ, പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കൾക്കും അതിന്റേതായ സൗന്ദര്യമുണ്ട്. ഈ പ്രപഞ്ചത്തിലെ എല്ലാ ഗുണങ്ങളും കഴിവുകളും ചാലിച്ചെഴുതിയ ഒരു മനോഹര ശില്പമാണ് മനുഷ്യൻ. ഓരോ മനുഷ്യജീവനും അവന്റേതായ സൗന്ദര്യവും കഴിവുകളോടും കൂടിയാണ് ഈ ഭൂമിയിൽ ജനിച്ചു വീഴുന്നത്.

എന്നാൽ, പലപ്പോഴും നമ്മൾ നമ്മുടെ ബാഹ്യ സൗന്ദര്യത്തെയും എങ്ങനെയെല്ലാം അത് വർദ്ധിപ്പിക്കാമെന്നും ആലോചിച്ചു വ്യാകുലപ്പെടാറുണ്ട്. എന്നാൽ, അത്തരം ആശങ്കങ്ങൾക്ക് അർത്ഥമില്ലെന്നും ഒരാളുടെ പ്രകൃതിദത്തമായ സൗന്ദര്യം വർദ്ധിപ്പിക്കാൻ സൗന്ദര്യ വർദ്ധക വസ്തുക്കൾക്ക് കഴിയില്ലെന്നുമാണ് നാച്ചുറൽ കോസ്മെറ്റിക് രംഗത്തെ ശ്രദ്ധേയയായ വനിതാ സംരംഭകയുടെ വാക്കുകൾ.

ചുരുങ്ങിയ നാളുകൾ കൊണ്ട് നാച്ചുറൽ കോസ്മെറ്റിക് രംഗത്തെ ശക്തമായ സാന്നിധ്യമായ മാറിയ അനൂസ് ഹെർബ്സിന്റെ സി.ഇ.ഒ അനു കണ്ണനുണ്ണിയുടെ വാക്കുകളാണ് ഇത്. ഒരു ക്രീം പുരട്ടിയതുകൊണ്ട് ചർമത്തിന്റെ നിറം വർദ്ധിപ്പിക്കാൻ കഴിയില്ലെന്നും ചർമത്തിന്റെ നിറമോ മുടിയുടെ നീളമോ ഒരിക്കലും സൗന്ദര്യത്തിന്റെ അളവുകോലല്ലെന്നും അവർ കൂട്ടിച്ചേർക്കുന്നു.

ഒറ്റമുറി കെട്ടിടത്തിൽ ആരംഭിച്ച്, 1400 ചതുരശ്ര അടിയുള്ള കെട്ടിടത്തിലേക്കും പതിനാറോളം ഉത്പന്നങ്ങളിലും മുപ്പതിനായിരത്തോളം ഉപഭോക്താക്കളിലുമെത്തി നില്ക്കുന്ന 'അനൂസ് ഹെർബ്സി'ന്റെ വിജയവഴികളിലൂടെ ഒരു യാത്ര...

### 'അനൂസ് ഹെർബ്സി'ന്റെ തുടക്കം

2018 ൽ ചേർത്തല വളവനാട്ട് ഒറ്റമുറി കെട്ടിടത്തിൽ 'അനൂസ് ഹെർബ്സ് മാജിക് ബ്യൂട്ടി പ്രോഡക്ട്സി'ന്റെ തുടക്കം. സൗന്ദര്യത്തെ നഷ്ടപ്പെടാതെ സംരക്ഷിക്കുന്ന ആയുർവേദ സൗന്ദര്യ വർധക കൂട്ടുകളായിരുന്നു അനുവിന്റെ മൂലധനം. ആന്റി പിഗ്മെന്റേഷൻ പായ്ക്കിലൂടെയായിരുന്നു ആദ്യം അനൂസ് ഹെർബ്സ് ഉപഭോക്താക്കളിലേക്ക് എത്തിയത്.

വിദ്യാസമ്പന്നരെന്ന് നാം ഊറ്റം കൊള്ളുമ്പോഴും കെമിക്കലുകൾ അടങ്ങിയ സൗന്ദര്യ വർധക വസ്തുക്കൾ നാം യഥേഷ്ടം വാങ്ങി ഉപയോഗിക്കുന്നു. ഇത്തരം മാർഗങ്ങൾ വളരെയധികം പാർശ്വഫലങ്ങൾ ഉണ്ടാക്കുന്നു. പ്രകൃതിദത്തമായ മാർഗങ്ങൾ സ്വീകരിക്കുന്നതാണ് ശാശ്വതമായ സൗന്ദര്യ സംരക്ഷണത്തിന് ശരിയായ മാർഗം. ആ ചിന്തയാണ് നാച്ചുറൽ കോസ്മെറ്റിക്സ് എന്ന ആശയത്തിലേക്ക് അനുവിനെ എത്തിച്ചത്.

പ്രസവശേഷം ശരീരത്തിലുണ്ടാകുന്ന മാറ്റങ്ങൾ അനുവിലുണ്ടാക്കിയ ചിന്തകൾ... അതിൽ നിന്ന് രൂപം കൊണ്ട ഉത്പന്നങ്ങളാണ് അനൂസ് ഹെർബ്സ് മാജിക് ബ്യൂട്ടി പ്രോഡക്ട്സിനെ ഇന്ന് നിരവധി ആളുകളുടെ സൗന്ദര്യ സംരക്ഷണത്തിന്റെ അവസാന വാക്കായി മാറ്റിയത്. മൂന്ന് വർഷം കൊണ്ട് മുപ്പതിനായിരത്തോളം ഉപഭോക്താക്കളെ നേടിയെടുക്കാൻ കഴിഞ്ഞത് ഉത്പന്നങ്ങളിലൂടെ അനൂസ് ഹെർബ്സ് നല്കുന്ന 'മാജിക്കി'ന്റെ പ്രതിഫലനം തന്നെയാണ് എന്നതിൽ സംശയമില്ല.

### പ്രിസർവേറ്റീവ്സ് ചേർക്കാത്ത ഉത്പന്നങ്ങൾ

ഇന്ന് പതിനാറോളം പ്രകൃതി ദത്ത സൗന്ദര്യ വർധക ഉത്പന്നങ്ങളാണ് അനൂസ് ഹെർബ്സ് നിർമിച്ച് വിപണിയിലെത്തിക്കുന്നത്. ആയുർവേദവും മോഡേൺ കോസ്മെറ്റോളജിയും സംയോജിപ്പിച്ചാണ് അനൂസ് ഹെർബസിന്റെ ഉത്പന്നങ്ങൾ തയ്യാറാക്കുന്നത്. കൃത്രിമ നിറങ്ങളോ പെർഫ്യൂമുകളോ ചേർക്കാതെ പ്രകൃതി ദത്തമായ പൂക്കളും പഴങ്ങളും ഔഷധ ചെടികളുമാണ് അനൂസ് ഹെർബ്സിന്റെ പ്രധാന ചേരുവകൾ.



ആന്റി പിഗ്മെന്റേഷൻ ഫേസ് പായ്ക്ക്, ആന്റി ഏജിങ് മാസ്ക്, റെഡ് ഒനിയൻ ഷാംപൂ, ലിപ് ബാം, കുപ്പൈമേനി സോപ്പ്, ബേബി ബാത്തിങ് പൗഡർ, കിഡ്സ് ഹെയർ വാഷിങ് പൗഡർ, ഹെയർ വോളുമനൈസിങ് പായ്ക്ക്, കാരറ്റ് ബോഡി ലോഷൻ, ഹാൻഡ് ആൻഡ് ഫൂട്ട് സ്ക്രബ്, ഗ്രീൻ ടീ ക്രാക്ക് ക്രീം തുടങ്ങി കുട്ടികൾക്കും മുതിർന്നവർക്കുമുള്ള ഉത്പന്നങ്ങളാണ് അനൂസ് ഹെർബസിന്റെ പേരിൽ വിപണിയിലുള്ളത്.

താരൻ നിമിത്തമുണ്ടാകുന്ന മുടി കൊഴിച്ചിൽ, പൊട്ടിപോകൽ, മുടിയുടെ ആരോഗ്യം നശിക്കുക എന്നീ പ്രശ്നങ്ങൾക്ക് അനൂസ് ഹെർബ്സിന്റെ ഹെയർ പായ്ക്ക്, ഷാംപു എന്നിവ അങ്ങേയറ്റം ഫലപ്രദമാണ്. സൗന്ദര്യ പ്രശ്നങ്ങളുടെ പരിഹാരം തേടി വിളിക്കുന്നവരോട് കൂടുതൽ അന്വേഷണം നടത്തി, ഓരോരുത്തരോടും കൃത്യമായി കാര്യങ്ങൾ ചോദിച്ചറിഞ്ഞാണ് അവർക്കാവശ്യമായ ഉത്പന്നങ്ങൾ നിർദേശിക്കുന്നത്.

ഉത്പന്നങ്ങളുടെ 'ഷെൽഫ് ലൈഫ്' കൂട്ടാനായി ഉപയോഗിക്കുന്ന പ്രിസർവേറ്റീവ്സാണ് നാച്ചുറൽ പ്രോഡക്ട്സിനെപ്പോലും വിഷമയമാക്കുന്നത്. അവിടെയാണ് അനൂസ് ഹെർബ്സ് വ്യത്യസ്തമാകുന്നത്. പ്രിസർവേറ്റീവ്സ് ഒന്നും ചേർക്കാത്തതുകൊണ്ടു തന്നെ ഒരു വർഷത്തിൽ താഴെയാണ് അനൂസ് ഹെർബ്സിന്റെ ഉത്പന്നങ്ങളുടെ കാലാവധി. ഷെൽഫ് ലൈഫ് കുറഞ്ഞാലും ഉപയോഗിക്കുന്ന പ്രോഡക്ടിൽ നിന്നും പോസിറ്റീവ് അല്ലാത്ത ഒരു അഭിപ്രായം അനൂസ് ഹെർബ്സ് ആഗ്രഹിക്കുന്നില്ല. അതാണ് അനു ഉപഭോക്താക്കൾക്ക് നൽകുന്ന ഉറപ്പ്.

സ്കിൻ കെയർ ട്രീറ്റ്മെന്റിന് ലക്ഷങ്ങൾ മുടക്കുന്നവർ ഇന്ന് നമ്മുടെയിടയിലുണ്ട്. എന്നാൽ സാഹചര്യങ്ങളാൽ അതൊന്നും ചെയ്യാൻ കഴിയാത്ത, സൗന്ദര്യം നിലനിർത്താൻ ആഗ്രഹിക്കുന്ന ഒരു വിഭാഗത്തെയാണ് അനൂസ് ഹെർബ്സ് വളർത്തിക്കൊണ്ട് വരാൻ ശ്രമിക്കുന്നത്. അതുകൊണ്ട് തന്നെ ഉല്പന്നങ്ങൾക്ക് സാധാരണക്കാരന് കൂടി താങ്ങാൻ കഴിയുന്ന വിലയാണ് ഈടാക്കുന്നത്.

ഓൺലൈനിലൂടെയാണ് ഉത്പന്നങ്ങളുടെ വിപണനം. സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളായ ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം എന്നിവ വഴിയാണ് ഓർഡറുകൾ സ്വീകരിക്കുന്നത്. മാസത്തിൽ 10 മുതൽ 15 വരെയും 25 മുതൽ 30 വരെയുമാണ് ഓർഡർ സ്വീകരിക്കുന്നത്. 10 ദിവസങ്ങൾക്കുള്ളിൽ ഉത്പന്നങ്ങൾ ആവശ്യക്കാർക്ക് നൽകും. ഏറ്റവും കുറഞ്ഞ ഡെലിവറി ചാർജാണ് ഈടാക്കുന്നത്.

### വിശ്വാസ്ഥതയുടെ പര്യായമായി അനൂസ് ഹെർബ്സ്

വാമൊഴി പരസ്യത്തിലൂടെയാണ് അനൂസ് ഹെർബ്സ് വളർച്ചയുടെ പാതകൾ താണ്ടിയത്. ഒരു ഉപഭോക്താവിൽ നിന്നും മറ്റൊരു ഉപഭോക്താവിലേക്ക് ഉത്പന്നം ഉപയോഗിച്ച് ലഭിക്കുന്ന സംതൃപ്തിയുടെ നേരറിവുകളാണ് അനൂസിന്റെ വിജയത്തിനു പിന്നിലെ അടിസ്ഥാന തത്വം. അതുകൊണ്ട്തന്നെ, ഒരു ഉപഭോക്താവിനെ പോലും നിരാശപ്പെടുത്താത്ത ഫലം നല്കാൻ അനു ശ്രദ്ധിക്കാറുണ്ട്.

കോവിഡ് വ്യാപനവും ലോക്ഡൗണും അനൂസ് ഹെർബ്സിനെയും ബാധിക്കുന്നുണ്ട്. ബദൽ മാർഗങ്ങൾ കണ്ടെത്തി പ്രശ്നങ്ങൾ പരിഹരിക്കുന്നു. ഉത്പാദനത്തിനു വേണ്ടിയുള്ള അസംസ്കൃത വസ്തുക്കൾ, ബോട്ടിലുകൾ എന്നിവ വാങ്ങുന്നതിൽ ബുദ്ധിമുട്ട് നേരിട്ടിരുന്നു.

കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്നുമാണ് അസംസ്കൃത വസ്തുക്കൾ വാങ്ങിയിരുന്നത്. എന്നാൽ, ഇപ്പോൾ കോവിഡ് സാഹചര്യം മുന്നിൽകണ്ട് അടുത്ത സ്ഥലങ്ങളിൽ നിന്നും അവ ശേഖരിക്കുക എന്ന ആശയത്തിലേക്ക് മാറിയിട്ടുണ്ട്. ഉത്പന്നങ്ങളുടെ ഡെലിവറി, പോസ്റ്റൽ വഴിയായതിനാൽ ഉപഭോക്താക്കൾക്ക് കൃത്യസമയത്ത് ഉത്പന്നങ്ങൾ എത്തിക്കാൻ കഴിയുന്നു. സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഉത്പന്ന നിർമാണവും ആരംഭിച്ചു കഴിഞ്ഞു.

വായനയിലൂടെ ലഭിച്ച അറിവുകൾ, അന്താരാഷ്ട്രതലത്തിൽ അറിയപ്പെടുന്ന ഡോർമറ്റോളജിസ്റ്റുകൾ, കോസ്മറ്റോളജിസ്റ്റുകൾ എന്നിവരുമായുള്ള സൗഹൃദം, അവരുടെ ലേഖനങ്ങൾ എന്നിവയെല്ലാം അനൂസ് ഹെർബ്സ് എന്ന തന്റെ ആശയത്തിന് കൂടുതൽ കരുത്തു നല്കിയതെന്ന് അനു പറയുന്നു.



നാച്ചുറൽ കോസ്മെറ്റിക് രംഗത്ത് മൂന്ന് വർഷങ്ങൾ പിന്നിടുമ്പോൾ, മുപ്പതായിരത്തോളം സംതൃപ്തരായ ഉപഭോക്താക്കളെ നേടിയെടുക്കാൻ കഴിഞ്ഞത് പ്രവർത്തനത്തിലെ മികവിനാൽത്തന്നെയാണ്. ഒറ്റമുറി കെട്ടിടത്തിൽ നിന്നു 1400 ചതുരശ്ര അടിയുള്ള കെട്ടിടത്തിലേക്ക് അനൂസ് ഹെർബ്സിന്റെ യൂണിറ്റ് വളർന്നു. പതിനാറോളം ഉത്പന്നങ്ങളിൽ എത്തി. ഒരു ഡോക്ടറും നാല് ജീവനക്കാരും ഇപ്പോൾ അനൂസ് ഹെർബ്സിനൊപ്പമുണ്ട്.

അനൂസ് ഹെർബ്സിന്റെ നേട്ടങ്ങൾക്ക് കാരണം തന്റെ ഭർത്താവ് കണ്ണനുണ്ണിയുടെ പൂർണ പിന്തുണയാണെന്ന് അനു വെളിപ്പെടുത്തുന്നു. മാധ്യമ പ്രവർത്തകനും കലാകാരനുമായിരുന്ന അദ്ദേഹം സ്വന്തം 'കരിയർ' ഉപേക്ഷിച്ച്, അനുവിലെ 'സംരംഭക'യെ വളർത്താൻ ഒപ്പം നിന്നു. അനുവിന്റെ ഓരോ ചുവടുവയ്പിലും താങ്ങായി, കരുത്തായി, ഊർജമായി കണ്ണനുണ്ണി കൂടെയുണ്ട്.

തിരക്കേറിയ ബിസിനസ് ജീവിതത്തിനിടയിലും കലാ സാമൂഹ്യ പ്രവർത്തനങ്ങളുടെ ഭാഗമാകാൻ ഇരുവരും സമയം കണ്ടെത്തുന്നുണ്ട്. കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി, കഴിഞ്ഞ ഒന്നര വർഷമായി ആലപ്പുഴ ജില്ലാ ആരോഗ്യവിഭാഗം തയ്യാറാക്കുന്ന അവബോധന ട്രോൾ വീഡിയോകളുടെ അണിയറ ശില്പികൾ കണ്ണനുണ്ണി- അനു ദമ്പതികളാണ്.

കണ്ണനുണ്ണിയുടെ ആശയവും അനുവിന്റെ ശബ്ദവും കൂടിച്ചേർന്നു പുറത്തിറങ്ങിയ ട്രോൾ വീഡിയോകൾക്ക് ഏറെ സ്വീകാര്യത ലഭിക്കുകയും സംസ്ഥാനതലത്തിൽ ചർച്ച ചെയ്യപ്പെടുകയും ചെയ്തു. 'റാംജിറാവു സ്പീക്കിംഗ്' എന്ന ചിത്രത്തിലെ കമ്പിളിപ്പുതപ്പ് സീൻ, 'കിലുക്കം' സിനിമയിലെ മോഹൻലാൽ - രേവതി കോമ്പിനേഷൻ സീൻ തുടങ്ങിയ മുപ്പതോളം വീഡിയോകൾ പ്രേക്ഷകർക്ക് ചിരിയ്ക്കൊപ്പം അവബോധവും സമ്മാനിച്ചു.

കോസ്മറ്റോളജി സ്കിൻ സയൻസിൽ ഡിപ്ലോമ നേടിയ അനു, 2014-2016 കാലഘട്ടത്തിൽ കൊച്ചി ആകാശവാണിയിലെ അവതാരകയായിരുന്നു. കരിയറിന്റെ തുടക്കം കണ്ണൂർ എ.ആറിലായിരുന്നു. പിന്നീട്, കൊച്ചി എഫ്.എമ്മിൽ. അവിടെ വച്ചാണ്, റെയിൻബോ എഫ്.എമ്മിൽ ആർ.ജെ ആയിരുന്ന കണ്ണനുണ്ണിയെ പരിചയപ്പെടുന്നതും വിവാഹിതരാകുന്നതും. കണ്ണനുണ്ണി-അനു ദമ്പതികൾക്ക് നാലുവയസ്സുള്ള അപ്പുണ്ണിയെന്ന മകനുണ്ട്.

മായം കലർത്താതെ, ആരെയും വീഴ്ത്തുന്ന പരസ്യവാചകങ്ങളില്ലാതെ ആയുർവേദത്തിന്റെ നന്മ ഉൾക്കൊള്ളുന്ന ഉത്പന്നങ്ങളുമായി അനൂസ് ഹെർബ്സിന്റെ ജൈത്രയാത്ര തുടരുകയാണ്. കേട്ടറിഞ്ഞും അനുഭവിച്ചറിഞ്ഞും അനൂസ് ഹെർബ്സിന്റെ പടികൾ കയറിവരുന്നവരെ നിരാശപ്പെടുത്താതെ വീണ്ടും തങ്ങളോട് ചേർത്തു നിർത്തുന്ന വിശ്വാസ്യതയാണ് ഇവരുടെ വിജയമന്ത്രം. സൗന്ദര്യ വർധക വസ്തുക്കളല്ല, സൗന്ദര്യ സംരക്ഷണ വസ്തുക്കളാണ് അനൂസ് ഹെർബ്സ് ഉല്പാദിപ്പിക്കുന്നതും വിപണനം ചെയ്യുന്നതെന്ന് അനു കണ്ണനുണ്ണി എന്ന സംരംഭകയ്ക്കൊപ്പം ഉപഭോക്താക്കളും ഇപ്പോൾ ഒരേ സ്വരത്തിൽ പറയുന്നു. രാസവസ്തുക്കൾ ചേരാത്ത സൗന്ദര്യ വർധക വസ്തുക്കൾ ലോകം മുഴുവൻ എത്തിക്കാൻ അനുവിനും അനൂസ് ഹെർബ്സിനും സാധിക്കട്ടെ.

**അനൂസ് ഹെർബ്സിന്റെ കസ്റ്റമർ കെയർ നമ്പരായ 9074321236 എന്ന മൊബൈൽ നമ്പർ വഴിയും ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം പ്ലാറ്റ്ഫോമുകൾ വഴിയും പ്രൊഡക്ടുകൾക്ക് ഓർഡർ നല്കാം.**

# അദ്ധ്യാപകദിനത്തിൽ വിദ്യാർത്ഥിയുടെ തലമുടി മുറിച്ച് അധ്യാപകന് നൽകി

## അദ്ധ്യാപക ദിനത്തിൽ കിട്ടിയ വേറിട്ടൊരു സമ്മാനം

കൊച്ചി: ഈസ്റ്റ് മാറാടി സ്കൂളിലെ എന്റെ രണ്ടാം വർഷ വി.എച്ച്.എസ്.ഇ ഡയറി ഫാർമർ എന്റർപ്രിണർ വിദ്യാർത്ഥിനിയും മൃഗസംരക്ഷണ വകുപ്പിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറും മൂവാറ്റുപുഴ കുന്നയ്ക്കൽ മങ്കാട് മോളെൽ എൽദോസ് മാത്യുവിന്റെ മകളുമായ എൽന എൽദോസ് തന്റെ തലമുടി ദാനം ചെയ്തു.

തൃശൂർ അമല മെഡിക്കൽ കോളേജ് നടത്തുന്ന കേശദാനം മഹാദാനം എന്ന പദ്ധതി പ്രകാരം ക്യാൻസർ രോഗികൾക്ക് സൗജന്യമായി വിഗ് നിർമ്മിക്കുവാൻ വേണ്ടിയാണ് എൽന തന്റെ തലമുടി മുറിച്ച് നൽകിയത്.

നാഷണൽ സർവ്വീസ് സ്കീം യൂണിറ്റിലെ വോളന്റിയർ ആയ എൽനയുടെ മുടി രക്ഷിതാക്കളായ എൽദോസ് മാത്യുവും അനശ്വര എൽദോസും എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ ആയ സമീർ സിദ്ദീഖിയുടെ വീട്ടിൽ വന്ന് കൈമാറി.



# മുഖ്യമന്ത്രിയുടെ പ്രസ്താവനക്കെതിരെ സ്വർണവ്യാപാരികൾ

തിരുവനന്തപുരം സ്വർണക്കടകളിൽ ജിഎസ്ടി പരിശോധന നിർബന്ധമാക്കുമെന്ന് മുഖ്യമന്ത്രിയുടെ പ്രസ്താവനക്കെതിരെ സ്വർണവ്യാപാരികൾ രംഗത്തെത്തി.

സ്വർണക്കടകളിൽ സിസിടിവി ദൃശ്യങ്ങൾ ജിഎസ്ടി ഓഫീസിലും പോലീസ് സ്റ്റേഷനിലും ലഭ്യമാകും എന്നത് വ്യാപാരിയുടെ സ്വാതന്ത്ര്യത്തിനു മേലുള്ള കടന്നാക്രമണം ആണെന്ന് ഇത്തരം കടന്നുകയറ്റം ഒഴിവാക്കണമെന്നും അസോസിയേഷൻ പ്രതികരിച്ചു.

സ്വർണ വ്യാപാര മേഖലകളിൽ മാത്രം പരിശോധന വ്യാപകമാക്കുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം സ്വർണ വ്യാപാര മേഖലയോടു മാത്രമുള്ള യുദ്ധപ്രഖ്യാപനമാണെന്ന് ആൾ കേരള ഗോൾഡ് ആൻഡ് സിൽവർ മറിച്ച് അസോസിയേഷൻ ആരോപിച്ചു

നികുതി വരുമാനം കുറവെന്ന പേരിൽ സ്വർണവ്യാപാര മേഖലയുടെമേൽ ഏകപക്ഷീയമായി അടിച്ചേൽപ്പിക്കാനുള്ള ഈ നീക്കം അപലപനീയമാണെന്നും കോവിഡ് സാഹചര്യങ്ങൾ കണക്കിലെടുത്തി, വ്യാപാര സൗഹൃദ നടപടികൾ സ്വീകരിക്കേണ്ടത് മുഖ്യമന്ത്രിയാണെന്നും അതിനായി പ്രതീക്ഷയോടെ കാത്തിരിക്കുന്നുവെന്നും നേതാക്കൾ പറഞ്ഞു.

മറ്റു വ്യാപാര മേഖലകളിൽ ഇല്ലാത്ത അനവധി പ്രശ്നങ്ങളിലൂടെയാണ് സ്വർണ വ്യാപാര മേഖല കടന്നുപോകുന്നത്. ഉദ്യോഗസ്ഥ വൃന്ദങ്ങളുടെ മനോഭാവം തന്നെ ശത്രുതയോടെയുള്ളതാണ് .

സ്വർണ വ്യാപാര മേഖലയിലെ നികുതിവെട്ടിപ്പ് തടയാൻ കർശന നടപടികൾ സ്വീകരിക്കുമെന്ന് ഇന്നലെ രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞിരുന്നു. ഇതിൽ തടയിടാനായി ഇന്റലിജൻസിനെ കൊണ്ട് പരിശോധന വ്യാപകമാക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു.

നികുതി വെട്ടിപ്പ് സാധ്യത കാണുന്ന സ്ഥലങ്ങളിൽ പരിശോധന കർശനമാക്കുമെന്നും അത്തരക്കാരുടെ ജിഎസ് ടി രജിസ്ട്രേഷൻ ഉൾപ്പെടെ റദ്ദാക്കുമെന്നുമാണ് പറയുന്നത്.

വലിയ സ്വർണക്കടകളിൽ സിസി ടിവി ദൃശ്യങ്ങൾ പോലീസ് സ്റ്റേഷനിൽ ലഭ്യമാക്കാനുള്ള നടപടികളും പരിശോധനയുടെ ഭാഗമായി നടപ്പിൽ വരുത്തുമെന്നും കൂടാതെ നികുതി പിരിവ് നടത്തുന്ന ഉദ്യോഗസ്ഥർക്ക് ഇൻസെന്റീവ് നൽകണമെന്നും അദ്ദേഹം യോഗത്തിൽ വ്യക്തമാക്കിയിരുന്നു.

# വാതിൽപ്പടി സേവനം: ആദ്യഘട്ടം ജില്ലയിൽ കാട്ടാക്കടയിൽ

കാട്ടാക്കട: സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതിയുടെ ഭാഗമായുള്ള വാതിൽപ്പടി സേവനം പരീക്ഷണാടിസ്ഥാനത്തിൽ ജില്ലയിൽ കാട്ടാക്കട നിയോജക മണ്ഡലത്തിൽ നടപ്പാക്കും.പ്രയാധിക്യം, ഗുരുതരരോഗം, അതിദാരിദ്ര്യം തുടങ്ങിയ വിവിധ കാരണങ്ങളാൽ അവശത അനുഭവിക്കുന്നവർക്കും അറിവില്ലായ്മയും മറ്റു പ്രശ്നങ്ങളാലും അടിസ്ഥാന സർക്കാർ സേവനങ്ങൾ യഥാസമയം ലഭ്യമാകാതെയുമിരിക്കുന്ന ജനവിഭാഗങ്ങൾക്ക് വീട്ടുപടിക്കൽ സർക്കാർ സേവനങ്ങളും ജീവൻരക്ഷാ മരുന്നുകളും എത്തിക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയാണ് വാതിൽപ്പടി സേവനം. പദ്ധതി സംസ്ഥാനതലത്തിൽ സെപ്റ്റംബർ 15ന് ആരംഭിക്കും.

സംസ്ഥാനത്ത് പരീക്ഷണാടിസ്ഥാനത്തിൽ 38 ഗ്രാമപഞ്ചായത്തുകളിലാണ് പദ്ധതി ആരംഭിക്കുന്നത്. തിരുവനന്തപുരം ജില്ലയിൽ ആദ്യഘട്ടത്തിൽ കാട്ടാക്കട നിയോജക മണ്ഡലത്തിലെ കാട്ടാക്കട, മലയിൻകീഴ്, മാറനല്ലൂർ, പള്ളിച്ചൽ, വിളപ്പിൽ, വിളവൂർക്കൽ എന്നീ ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി നടപ്പാക്കും. പദ്ധതിയുടെ ജില്ലാതല സമിതി യോഗം ജില്ലാ കളക്ടർ ഡോ. നവ്ജ്യോത് ഖോസയുടെ അധ്യക്ഷതയിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്നു. ഐ.ബി. സതീഷ് എംഎൽഎ, ജില്ലാ വികസന കമ്മിഷണർ ഡോ. വിനയ് ഗോയൽ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ത്രേസ്യാമ്മ ആന്റണി, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്മാർ -സെക്രട്ടറിമാർ, വാതിൽപ്പടി സേവനം ജില്ലാതല സമിതി അംഗങ്ങൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

ജില്ലാ കളക്ടർ യോഗത്തിൽ പദ്ധതിയെക്കുറിച്ച് വിശദീകരിച്ചു.നിരവധി മാതൃകാ പദ്ധതികൾ നടപ്പാക്കുന്ന കാട്ടാക്കട നിയോജക മണ്ഡലത്തിൽ ഇത്തരമൊരു മാതൃകാ പദ്ധതി ആദ്യമായി നടപ്പാക്കുന്നതിൽ അഭിമാനമുണ്ടെന്ന് ഐ.ബി. സതീഷ് എംഎൽഎ പറഞ്ഞു. തെരഞ്ഞെടുക്കപ്പെടുന്ന സന്നദ്ധപ്രവർത്തകർ സേവനതല്പരരും സമർപ്പണ മനോഭാവവുമുള്ളവരുമായിരിക്കണമെന്നും പദ്ധതിയുടെ ഗുണഭോക്താക്കളുടെ പട്ടിക സുതാര്യമായിരിക്കണമെന്നും എംഎൽഎ പറഞ്ഞു. പദ്ധതി ആദ്യമായി നടപ്പാക്കുന്നതിൽ നിന്നുള്ള അനുഭവത്തിൽ നിന്ന് പഠിച്ച് മുന്നോട്ട് പോകാൻ സാധിക്കട്ടെയെന്നു കളക്ടർ പറഞ്ഞു.പദ്ധതിപ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി യോഗം വിലയിരുത്തി.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ സാമൂഹ്യനീതി വകുപ്പിന്റെയും സാമൂഹ്യ സന്നദ്ധസേന ഡയറക്ടറേറ്റിന്റെയും സംയുക്താഭിമുഖ്യത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. ജില്ലാ ഭരണകൂടം പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും. ആദ്യഘട്ടത്തിൽ മസ്റ്ററിങ്, ലൈഫ് സർട്ടിഫിക്കറ്റ്, സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായത്തിനുള്ള അപേക്ഷ, ജീവൻരക്ഷാ മരുന്നുകൾ എന്നീ സേവനങ്ങളാകും നൽകുക.സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതിനു നേതൃത്വം നൽകും.കൂടാതെ ജനപ്രതിനിധികൾ, ആശാ വർക്കർമാർ, കുടുംബശ്രീ -അക്ഷയ പ്രവർത്തകർ എന്നിവർ ഇതിന്റെ ഭാഗമായി പ്രവർത്തിക്കും.

സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ ആശാവർക്കർമാരുടെ സഹായത്തോടെയാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുന്നത്. ഓരോ വാർഡുകളിൽ നിന്നും മൂന്നു സന്നദ്ധ പ്രവർത്തകർ എന്ന നിലയിൽ സന്നദ്ധസേനാ പോർട്ടലിൽ രജിസ്റ്റർ ചെയ്തു വരുന്നു.ഇവർക്ക് കിലയുടെ നേതൃത്വത്തിൽ ഓൺലൈൻ പരിശീലനം നൽകും. അഭിമുഖം വഴി തെരഞ്ഞെടുക്കപ്പെടുന്ന സന്നദ്ധ പ്രവർത്തകരുടെ വിവരങ്ങൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രസിദ്ധീകരിക്കും. തുടർന്ന് സെപ്റ്റംബർ 15ന് പരീക്ഷണാടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കും.

*The sharpest tool for branding*

സക്സസ് കേരള
THE COMPLETE BUSINESS MAGAZINE

വായിക്കൂ... വരിക്കാരാവൂ... അന്വേഷണങ്ങൾക്ക്: 9061525391, 9846766691